**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4375** **01-07-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ജി.എസ്.ടി.വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; എൻഫോഴ്സ്മെന്റ് പരിശോധന കുറഞ്ഞത് സംസ്ഥാനത്തിന്റെ നികുതി വരുമാന വർദ്ധനവിനെ സാരമായി ബാധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയിലൂടെ 41 ഇന്റലിജൻസ് യൂണിറ്റുകൾ, 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ രൂപീകരിച്ചുകൊണ്ട് സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള നടപടികൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതിനാൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. കൂടാതെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പരിശോധനകൾ കൂടുതൽ കാര്യക്ഷമമായി നടന്നുവരുന്നുമുണ്ട്. |
| (ബി) | എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ അനാവശ്യ സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വാഹനങ്ങൾ തടഞ്ഞ് പരിശോധന നടത്തി വ്യാപക പണപ്പിരിവ് നടത്തുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിലാണോ വാഹന പരിശോധനകൾ കുറക്കുവാൻ തീരുമാനിച്ചത്; എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനയിലൂടെ വ്യാപകമായ സ്വർണ്ണകള്ളക്കടത്ത് പിടികൂടിയിരുന്നത് ഇല്ലാതാക്കി കള്ളക്കടത്തുകാരെ സഹായിക്കുവാൻ വേണ്ടിയാണ് ഈ വിഭാഗത്തിന്റെ എണ്ണം കുറച്ചത് എന്ന ആക്ഷേപം ശരിയാണോ; വിശദമാക്കാമോ; | (ബി) | അനാവശ്യ സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വാഹനങ്ങൾ തടഞ്ഞ് പരിശോധന നടത്തി വ്യാപക പണപ്പിരിവ് നടത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനയിലൂടെ വ്യാപകമായ സ്വർണ്ണകള്ളക്കടത്ത് പിടികൂടിയിരുന്നത് ഇല്ലാതാക്കി കള്ളക്കടത്തുകാരെ സഹായിക്കുവാൻ വേണ്ടിയാണ് ഈ വിഭാഗത്തിന്റെ എണ്ണം കുറച്ചത് എന്ന ആക്ഷേപം ശരിയല്ല. പുതിയ ജി.എസ്.ടി നിയമത്തിന് അനുസൃതമായി ഏറ്റവും കാര്യക്ഷമമായി നികുതി പിരിക്കാൻ ആവശ്യമായ ഘടനയിലേയ്ക്ക് വകുപ്പ് പുനഃ സംഘടിപ്പിക്കുകയാണ് ഉണ്ടായത്. |
| (സി) | സംസ്ഥാനത്തിന്റെ അതിർത്തി ജില്ലകളിൽ പ്രത്യേകിച്ച് പാലക്കാട് കേന്ദ്രീകരിച്ച് അനധികൃതമായി കമ്പി, സിമന്റ്, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ ബിൽ ഇല്ലാതെ കടത്തുന്നുണ്ടെന്ന ആക്ഷേപം പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തിന്റെ അതിർത്തി ജില്ലകളിൽ പ്രത്യേകിച്ച് പാലക്കാട് കേന്ദ്രീകരിച്ച് അനധികൃതമായി കമ്പി, സിമൻറ്, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ ബിൽ ഇല്ലാതെ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം അതിർത്തി ജില്ലകളിൽ പ്രത്യേകിച്ച് പാലക്കാട്, നികുതി വെട്ടിപ്പിനെതിരെ നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. കൂടാതെ പ്രധാനമായി സംസ്ഥാന അതിർത്തികളിൽ 23 |

| | | | |
|---|---|---|---|
| | | | ANPR ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഏതെങ്കിലും പ്രത്യേക പ്രവർത്തി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ